പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1914

11.2.2020 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന

ചോദ്യം

ശ്രീ. വി.ആർ. സുനിൽകുമാർ

എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകളാണ് നിരസിച്ചതെന്ന് അറിയിക്കുമോ;

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് സ്കീം 1 ൽ അപേക്ഷകരുടെ ബാഹുല്യം കാരണം പ്രാഥമിക പരിശോധന ഒഴിവാക്കിയിട്ടുണ്ട്. സ്കീം 2, 3 വിഭാഗങ്ങളിൽ അപേക്ഷ സമർപ്പിച്ചവരിൽ പ്രാഥമിക പരിശോധനയിൽ യോഗ്യത ഇല്ലാത്ത അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ല.

Constitutional Bodies കെ.എ.എസ്. ന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത വിഭാഗം അപേക്ഷകളും ഗവൺമെന്റ് വകുപ്പിൽ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ലാത്ത/Full member അല്ലാത്ത Super numerary തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്കീം 2 ൽ നിരസിച്ചിട്ടുണ്ട്. സർക്കാർ വകുപ്പിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത ഗസറ്റഡ് ജീവനക്കാരുടെ അപേക്ഷകളും, Schedule I ൽ ഉൾപ്പെടാത്ത വകുപ്പുകളിലെ ഗസറ്റഡ് ജീവനക്കാരെയും എല്ലാ വകുപ്പുകളിലെയും non gazetted വിഭാഗം ജീവനക്കാരുടെയും അപേക്ഷകളും സ്കീം 3 ൽ നിരസിച്ചിട്ടുണ്ട്. Schedule I ൽ പ്രതിപാദിച്ചിട്ടുള്ള വകുപ്പുകളിലെ ഗസറ്റഡ് വിഭാഗം ജീവനക്കാരുടെ അപേക്ഷകളും സ്കീം 2 ൽ നിരസിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | സ്കീം -III-യിൽ അപേക്ഷിക്കുന്നതിനുള്ള പ്രൊബേഷൻ പൂർത്തീകരണം ഏതെങ്കിലും സർക്കാർ വകുപ്പിൽ നിന്ന് തന്നെ വേണം എന്ന് സ്പെഷ്യൽ റൂളിലോ, നോട്ടിഫിക്കേഷനിലോ പരാമർശിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി)) | സ്കീം-II, സ്കീം-III എന്നിവയിൽ ഏതെങ്കിലും വിഭാഗങ്ങളുടെ അപേക്ഷ നിരസിക്കാൻ പി.എസ്.സിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) | കെ.എ.എസ്. സ്പെഷ്യൽ റൂൾ പ്രകാരമാണ് സ്കീം II, III എന്നിവയിലെ അപേക്ഷകൾ നിരസിച്ചത്. |
| ഡി) | അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയിലേക്കുള്ള പി.എസ്.സി. നോട്ടിഫിക്കേഷനിൽ പ്രസ്തുത അപേക്ഷകൾ സർക്കാർ സർവ്വീസിലേക്കുള്ള തസ്തികയിലേക്ക് എന്ന് പരാമർശിച്ചിട്ടുണ്ടോ; | ഡി) | സർക്കാർ വകുപ്പുകളിലെ എല്ലാ തസ്തികകളുടേയും വിജ്ഞാപനങ്ങളിൽ കേരള സർക്കാർ സർവ്വീസിലേയ്ക്ക് എന്ന് പരാമർശിച്ചിട്ടുണ്ട്. |
| ഇ) | പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരമുള്ള ലിസ്റ്റിൽ നിന്നും ജോലി ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ സർവീസ്, 'സർക്കാർ സർവീസ്' ആയി പരിഗണിക്കുമോ; | ഇ) | സർക്കാർ വകുപ്പുകളിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ സർവ്വീസ് സർക്കാർ സർവ്വീസ് ആയി പരിഗണിക്കും. |
| എഫ്) | കേരള പി.എസ്.സി., കേരള നിയമസഭാ സെക്രട്ടേറിയറ്റ് എന്നിവയിൽ പ്രൊബേഷൻ പൂർത്തീകരിക്കുകയും, കെ.എ.എസ്. സ്പെഷ്യൽ റൂൾ പ്രകാരം സ്കീം-III യിലേക്ക് യോഗ്യതകളുള്ള ഏതെങ്കിലും അപേക്ഷ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | എഫ്) | സർക്കാർ വകുപ്പല്ലാത്തതിനാൽ പി.എസ്.സി, നിയമസഭാ സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള ജീവനക്കാരുടെ അപേക്ഷകൾ പി.എസ്.സി. നിരസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ